(ജി) സെൽഫ് ഹെൽപ്പ് പദ്ധതി വിപുലികരിക്കാനും കിസാൻ ക്രഡിറ്റ് കാർഡ് കൂടുതൽ പ്രബലമാകാനും ഉദ്ദേശിക്കുന്നു.

ദുർബലവിഭാഗങ്ങൾക്കും പരമ്പരാഗത വ്യവസായ തൊഴിലാളികൾക്കും സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ക്ഷേമപദ്ധതികൾ

19(*199) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദുർബല ജനവിഭാഗങ്ങളുടേയും പരമ്പരാഗത വ്യവസായതൊഴിലാളികളുടേയും ക്ഷേമം മുൻനിർത്തി സഹകരണ വകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ദുർബല ജനവിഭാഗങ്ങൾക്കും പരമ്പരാഗത വ്യവസായതൊഴിലാളികൾക്കും തിരിച്ചടവ് ഇല്ലാത്ത ഭവന നിർമ്മാണ വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ഭവന നിർമ്മാണ വായ്പയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) തിരിച്ചടവില്ലാത്ത ഭവന നിർമ്മാണ വായ്പ പദ്ധതി സംസ്ഥാനത്തെ ഏതൊക്കെ ഏജൻസികൾ മുഖേനയാണ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പ്രസ്തുത ഭവന നിർമ്മാണ വായ്പാ പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്തെ കൈവശഭൂമിക്ക് പട്ടയമില്ലാത്തവരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശമുണ്ടോ ;

(എച്ച്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ദുർബല ജനവിഭാഗങ്ങളുടേയും പരമ്പരാഗത വ്യവസായ തൊഴിലാളികളുടേയും ക്ഷേമത്തിനായി ഓട്ടോറിക്ഷ മോട്ടോർ ട്രാൻസ്പോർട്ട് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘം, തയ്യൽ തൊഴിലാളി സഹകരണ സംഘം, വികലാംഗ

LIBRARY ARCHIVES Kerala Legislative Assembly

സഹകരണസംഘം, കളള് ചെത്ത് തൊഴിലാളി സഹകരണ സംഘം, കൈത്തറി തൊഴിലാളി ഭവന നിർമ്മാണ സഹകരണ സംഘം, പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ എന്നിവ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഈ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാരിൽനിന്നും ധനസഹായം നൽകുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരവും സംഘങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്. കക്കാ വ്യവസായ തൊഴിലാളി സഹകരണസംഘം, ബാർബേഴ്സ് സഹകരണസംഘം എന്നിവയ്ക്കും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ ധനസഹായം നൽകുന്നുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ പ്രാഥമിക സർവീസ് സഹകരണസംഘങ്ങൾ, അർബൻ ബാങ്ക് സഹകരണാശുപത്രി സംഘങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങൾ എന്നിവയിൽ അംഗമായി ചേരുന്നതിന് ഓഹരിയുടെ 90% പരാവധി 90 രൂപ ഓഹരി ഗ്രാന്റായി നല്കുന്നതിന് പദ്ധതിയുണ്ട്. കയർ, കൈത്തറി, ഖാദി, മത്സ്യബന്ധന ക്ഷീര വികസനം എന്നീ മേഖലകളിൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) സഹകരണ മേഖലയിൽ ഇത്തരത്തിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും പാർപ്പിടം നൽകുക എന്ന സർക്കാർ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് മുഖ്യനിർവഹണ ഏജൻസിയായി തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതി ഒരു സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ സംസ്ഥാന സഹകരണ ബാങ്ക് വഴി ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി,ഇ,എഫ്,ജി&എച്ച്) ഈ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് എല്ലാ കാര്യങ്ങളും ജില്ലാ പഞ്ചായത്താണ് തീരുമാനിച്ച് നടപ്പാക്കുന്നത്.

കടബാദ്ധ്യതയിൽ നിന്നും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന വരെ ഒഴിവാക്കുന്നതിന് നടപടി

20(*200) ശ്രീ. എം. കെ. മുനീർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാരെ കടബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുളളത് ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന മറ്റ്പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്കുകൂടി ഇതിന്റെ പ്രയോജനം ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly